**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 459** **28-01-2026-ൽ മറുപടിയ്ക്ക്**

**മലമ്പുഴ ഒലവക്കോട്-ധോണി-മുട്ടിക്കുളങ്ങര റോഡ് നവീകരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. പ്രഭാകരൻ ശ്രീ. വി. ഡി. സതീശൻ

ശ്രീ. എ. പ്രഭാകരൻ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ "ഒലവക്കോട്-ധോണി-മുട്ടിക്കുളങ്ങര" റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് – ധോണി – മുട്ടിക്കുളങ്ങര റോഡിന് 09/11/2018 – ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 12.66 കോടി രൂപയുള്ള ധനാനുമതി നൽകിയിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തി FDR സാങ്കേതികവിദ്യ ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ FDR പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക (27.94 കോടി രൂപ) ധനാനുമതിയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിയിൽ സമർപ്പിച്ച പ്രൊപ്പോസൽ അവലോകനം നടത്തി KIIFB TRC-യുടെ സഹായത്തോടെ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ അലൈൻമെന്റിന്റെ കരട് നിർവ്വഹണ ഏജൻസി പരിശോധിച്ച് നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി നാറ്റ്പാക് തയ്യാറാക്കിയ ഡിസൈൻ ഡ്രോയിംഗ്സ്, BoQ ഉൾപ്പെടെയുള്ള രേഖകൾ 04/01/2025-ന് കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽ നിന്നും നിർവ്വഹണ ഏജൻസിക്ക് നൽകിയിരുന്നു.

എന്നാൽ 10 മീറ്റർ വീതിയിൽ സ്ഥലം ലഭിക്കാത്തതിനാൽ KSEB, KWA യൂട്ടിലിറ്റി ഷിഫ്റ്റിംഗ് വർക്കുകൾ സാധ്യമല്ലാത്ത സാഹചര്യത്തിൽ NATPAC തയ്യാറാക്കിയ ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിൽ DBM & BC ചെയ്യുന്നതിനുള്ള 23.7 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണ ഏജൻസി പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് അവലോകനം നടത്തി 06/12/2025-ലെ കിഫ്ബി ആസ്ഥാനത്ത് വച്ച് നടന്ന അവലോകനയോഗത്തിലെ തീരുമാന പ്രകാരം പുന:സമർപ്പിക്കുവാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിക്ക് കിഫ്ബി പുതുക്കിയ ധനാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബി പുതുക്കിയ ധനാനുമതി നൽകിയിട്ടില്ല. പുതുക്കിയ ധനാനുമതിക്കുള്ള പ്രൊപ്പോസൽ നിർവ്വഹണ ഏജൻസി പുനഃസമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**